പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.182 | 08.12.2015 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ആർ. രാജേഷ്**<br>**ശ്രീ. പി.ശ്രീരാമകൃഷ്ണൻ**<br>**ശ്രീ. റ്റി.വി. രാജേഷ്**<br>**ശ്രീ. എം. ചന്ദ്രൻ** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന യുവജനക്ഷേമ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട് |
| (ബി) യുവാക്കളുടെ യഥാർത്ഥ പ്രശ്നം കണ്ടെത്തി പരിഹരിക്കാൻ ആവശ്യമായ തരത്തിലുള്ള യാതൊരു പ്രവർത്തനവും യുവജനക്ഷേമ ബോർഡിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല എന്ന ആക്ഷേപം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (ബി) ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ ജില്ലയിലേയും ജില്ലാതലത്തിലും, ഗ്രാമ പഞ്ചായത്തിലുമുള്ള കോ-ഓർഡിനേറ്റർമാർ അതാത് പ്രദേശത്തെ യുവജനങ്ങളുമായി നേരിട്ട് സംവദിച്ചാണ് യുവജനക്ഷേമ ബോർഡിന്റെ പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നത്. കൂടാതെ, യുവജനക്ഷേമ പഠന ഗവേഷണ കേന്ദ്രത്തിലെ റിസർച്ച് കോ-ഓർഡിനേറ്റർ, റിസർച്ച് അസോസിയേറ്റ് എന്നിവർ പ്രോജക്ടുകൾ വിശകലനം ചെയ്യുകയും പ്രോജക്ട് മാനേജ്മെന്റ് സെല്ലിന്റെ ശുപാർശ പ്രകാരം വിവിധ തലത്തിലുള്ള പരിശോധനകൾക്കും പരിഗണനകൾക്കും ശേഷമാണ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി തുക അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | സമൂഹത്തിന്റെ കരുത്താകേണ്ട യുവജനങ്ങൾക്ക് കായികമായും മാനസികമായും കരുത്തേകുന്നതിന് വേണ്ട ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിക്കുന്നതിന് സാധിച്ചില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ വ്യക്തമാക്കാമോ: | (സി) | യുവജനങ്ങൾക്ക് കായികമായും മാനസികമായും കരുത്തേകുന്ന വിധത്തിൽ കേരളോത്സവം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശിയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, തുടങ്ങിയ നിരവധി പദ്ധതികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത് സംബന്ധിച്ച് യാതൊരു പരാതികളും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഡി) | സാമൂഹിക മുന്നേറ്റത്തിന് യുവാക്കളെ സജ്ജമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ യുവജനക്ഷേമബോർഡ് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ അവസ്ഥയെന്താണ്? | (ഡി) | സാമൂഹിക മുന്നേറ്റത്തിന് യുവാക്കളെ സജ്ജമാക്കുന്നതിനായി പുനർജ്ജനി, ലഹരി വിമുക്ത കേരളം - ക്യാമ്പയിൻ, യുവജന സാമൂഹിക പ്രതിബദ്ധതാ പദ്ധതി, വിവിധ ഗവേഷണ പദ്ധതികൾ, ജീവദായിനി, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, സ്പോർട്സ് കിറ്റ് വിതരണം എന്നിവ സംഘടിപ്പിച്ച് വരുന്നു. കൂടാതെ സാക്ഷരത, പ്രകൃതി പഠനം, പരിസ്ഥിതി വിജ്ഞാനം, ജൈവകൃഷി, തൊഴിൽ പരിശീലനം, വനിതാശാക്തീകരണം എന്നീ മേഖലകളിലും യുവജനങ്ങൾക്ക് വേണ്ടി വിവിധ പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. യുവജനങ്ങളുടെ കർമ്മശേഷിയെ സാമൂഹ്യ മുന്നേറ്റത്തിന് സജ്ജമാക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ഈ വിഭാഗങ്ങളിൽ കൂടി സംഘടിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ